(ബി) അവയിൽ ഏതെല്ലാം പണികൾ പൂർത്തിയായിട്ടുണ്ട്, പൂർത്തിയാകാനുള്ള പണികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2015-16-ൽ നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ ദേവലക്കര-മേഗിനടുക്ക-ബെള്ളൂരടുക്ക റോഡിന്റെ പണി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ബി) റോഡ് നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ കോളനികൾ ദത്തെടുക്കൽ

243(2448) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികൾ ദത്തെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കോളനികൾ ഏതെല്ലാമാണെന്നും അവിടെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്നും എത്രത്തോളം പൂർത്തിയാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പട്ടികവർഗ്ഗ കോളനികൾ ദത്തെടുക്കുക എന്നൊരു പദ്ധതി നിലവിലില്ല. എന്നാൽ മോഡൽ കോളനികൾ, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ, ഹാംലറ്റ് വികസന പദ്ധതി, പി.വി.ടി.ജി. തുടങ്ങിയ പദ്ധതികളിലൂടെ കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യസംരക്ഷണം

244(2449) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി സംസ്ഥാന ഗവൺമെന്റ് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; ഓരോ പദ്ധതികളും ആരംഭിച്ച വർഷവും പദ്ധതിയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly